| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാലാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.280 | 08/06/2015 ൽ മറുപടിക്ക് |
| മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ്/പോലീസ് കേസുകൾ | |
| ചോദ്യം | മറുപടി |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിലവിലെ മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾക്കെതിരെ വിജിലൻസ്/പോലീസ് കേസുകൾ നിലവിലുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്.<br>നിലവിലെ മന്ത്രിസഭയിലെ ശ്രീ.അടൂർ പ്രകാശ്, ശ്രീ.പി.ജെ.ജോസഫ്, ശ്രീ.കെ.എം.മാണി എന്നിവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിൽ ഉണ്ട്. ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടിക്കെതിരെ ഒരു പോലീസ് കേസ് നിലവിൽ ഉണ്ട്.<br>ശ്രീ.അടൂർ പ്രകാശ്<br>2004-06 കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരിക്കേ ശ്രീ.വി.രാജു (മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി) വുമായി ചേർന്ന് ഔദ്യോഗിക പദവി ദുർവിനിയോഗം നടത്തി Authorised Wholesale Dealer -ക്കുവേണ്ടി അപേക്ഷിച്ച ശ്രീ.അബ്ദുൾ റഹ്മാൻ എന്ന ആളിൽ നിന്ന് 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് വി.സി.02/08/എൻ.ആർ.കെ നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ഈ കേസിൽ 28/02/2011 ൽ കുറ്റപത്രംസമർപ്പിക്കുകയും അതിനുശേഷം അന്വേഷണ ഏജൻസിയുടെ അപേക്ഷയെ തുടർന്ന് തുടരന്വേഷണത്തിന് കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവ് ഇടുകയും ചെയ്തു. തുടരന്വേഷണം പുരോഗമിച്ച് വരുന്നു.<br>ശ്രീ.പി.ജെ.ജോസഫ്<br>1997 ൽ റവന്യൂ വകുപ്പ് മന്ത്രി ആയിരിക്കേ ഫോറസ്റ്റ്/റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുർവിനിയോഗപ്പെടുത്തി ഗ്രീൻ ബർഗ്ഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമസ്ഥന് വനം കൈയ്യേറാൻ അനുമതി നൽകുക വഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കി എന്നതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് (വി.സി.05/12/ഇ.ആർ.കെ) നടന്നു വരുന്നു.<br>ശ്രീ.കെ.എം.മാണി<br>ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.കെ.എം.മാണി, ധനകാര്യ വകുപ്പ് മന്ത്രി ഒരു കോടി രൂപ കോഴ വാങ്ങി എന്ന ആരോപണത്തിൽ ഒരു വിജിലൻസ് അന്വേഷണം (വി.സി. 06/14/എസ്.ഐ.യു I) നടന്നു വരുന്നു.<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>വ്യവസായ വകുപ്പ് മന്ത്രി ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി ക്കെതിരെ Fort PS Cr.No.130/2011 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണാവസ്ഥയിലാണ് |
| (ബി) | ഉണ്ടെങ്കിൽ ആർക്കെല്ലാം എതിരെയാണ് കേസുകൾ ഉള്ളത്, പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ; | | |
| (സി) | മന്ത്രിമാർക്കെതിരെ വിജിലൻസിൽ പരാതി നിലവിലുണ്ടോ ; എങ്കിൽ ആർക്കെല്ലാം എതിരെ ഏതെല്ലാം വിഷയത്തിൽ എന്ന് വിശദമാക്കുമോ ? | (സി) | ശ്രീ.അടൂർ പ്രകാശ്, ശ്രീ.കെ.എം.മാണി, ശ്രീ.പി.ജെ.ജോസഫ് എന്നീ മന്ത്രിമാർക്കെതിരെയുള്ള ആരോപണങ്ങളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ